**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 332** **08-06-2021 - ൽ മറുപടിയ്ക്ക്**

**സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോ ; | (എ) | 2020-21 –ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനം (ജി.എസ്.ഡി.പി) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22 –ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാദ്ധ്യതയുണ്ട്. ജി.എസ്.ഡി.പി യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവിന് ഇത് ഇതിനകം സാക്ഷ്യം വഹിച്ചു. 2021-22 –ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ക്ഡൗണിന്റെ അനന്തര ഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. |
| (ബി) | സംസ്ഥാനത്തിന്റെ കടം, പൊതു വരുമാനം എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ; അവ തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | 2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ കടവും റവന്യൂ വരുമാനവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. മേൽ പട്ടികയിൽ നിന്നും 2016-17 മുതൽ 2018-19 വരെയുള്ള കാലയളവിൽ റവന്യൂ വരുമാന തോത് കുറഞ്ഞു വന്നിരുന്നതായി കാണാവുന്നതാണ്. എന്നാൽ, സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20 ൽ 3 ശതമാനം വായ്പാ പരിധിയ്ക്കു പുറമെ 1471 കോടി രൂപയുടെ അധിക വായ്പ കേന്ദ്ര സർക്കാർ അനുവദിച്ചതിന്റെയും കോവിഡ്-19 മഹാമാരിയെ തുടർന്ന് 2020-21 സാമ്പത്തിക വർഷം ജി.എസ്.ഡി.പി യുടെ 3 ശതമാനത്തിന് പുറമെ 2 ശതമാനം അധിക വായ്പയെടുക്കുന്നതിന് |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാർ അനുമതി നൽകിയതിന്റെയും അടിസ്ഥാനത്തിൽ കൂടുതൽ വായ്പ സമാഹരിക്കേണ്ടി വന്നതിനാൽ ആ വർഷങ്ങളിലെ കടം റവന്യൂ വരുമാന തോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | സർക്കാരിന്റെ അടിയന്തര സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പണം കണ്ടെത്താൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വെളിപ്പെടുത്തുമോ; | (സി) | സംസ്ഥാനത്തിന്റെ തനത് വരുമാനം അപര്യാപ്തമായിരുന്ന ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അനുവദിച്ചുവരുന്ന വായ്പാ പരിധിയ്ക്കുള്ളിൽ നിന്നും കടമെടുത്താണ് പ്രധാനമായും സർക്കാരിന്റെ അടിയന്തര സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നത്. |
| (ഡി) | കരാറുകാർക്കുള്ള കുടിശ്ശിക ഉൾപ്പെടെ സർക്കാരിന് അടിയന്തരമായി കൊടുത്തുതീർക്കേണ്ട ബാധ്യതകൾ ഏതെല്ലാമാണെന്നത് സംബന്ധിച്ച വിശദാംശം നൽകുമോ? | (ഡി) | പൊതുമരാമത്ത് വകുപ്പിൽ 2020 ജൂലൈ 31 വരെയുള്ള കുടിശ്ശികയും ജലവിഭവ വകുപ്പിൽ 2020 ആഗസ്റ്റ് 31 വരെയുള്ള കുടിശ്ശികയും കരാറുകാർക്ക് നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 1046 കോടി രൂപയുടെയും ജലവിഭവ വകുപ്പിൽ 206 കോടി രൂപയുടെയും കുടിശ്ശിക നിലവിലുണ്ട്. കേന്ദ്രീകൃത സീനിയോറിറ്റി സംവിധാനം വഴിയാണ് ഈ വകുപ്പുകളിലെ കരാറുകാരുടെ കുടിശ്ശിക തീർപ്പാക്കി വരുന്നത്. കരാറുകാർക്ക് ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനവും സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

| വർഷം | കടം (തനി) | റവന്യൂ വരുമാനം | കടം–റവന്യൂ വരുമാന തോത് (%) |
| --- | --- | --- | --- |
| 2016–17 | 29803.54 | 75611.72 | 39.42 |
| 2017–18 | 24308.5 | 83020.14 | 29.28 |
| 2018–19 | 24869.13 | 92854.47 | 26.78 |
| 2019–20 | 24679.88 | 90224.67 | 27.35 |
| 2020–21 | 39412.78 | 96673.90 | 40.77 |